# Violent Earthquakes in Nature and life
# Part-5
# Four Prophetic Earthquakes

## 1. Gog and Magog Earthquakes

പ്രവചനപരമായി വളരെ പ്രാധാന്യമുള്ള അദ്ധ്യായങ്ങളാണ് യെഹ:(38,39) സംഭവിപ്പാൻ പോകുന്ന കാര്യത്തെപ്പറ്റി ആർക്കും കൂടുതൽ പറയുവാൻ കഴിയുകയില്ല.പ്രവചനപണ്ഡിതൻമാരുടെ പ്രാർത്ഥനാപൂർവ്വമായ ഉദ്യമത്തിന്റെ ഫലമായി ലഭിച്ച ചില സത്യങ്ങൾ ദൈവവചനത്തിന്റെയും , പരിശുദ്ധാത്മാവിന്റെയും സഹായത്തോടെ പഠിക്കുവാൻ ദൈവകൃപയിൽ ആശ്രയിക്കാം.

അന്നാളിൽ, നിശ്ചയമായിട്ടും യിസ്രായേൽ ദേശത്ത് ഒരു വലിയ ഭൂകമ്പം ഉണ്ടാകും. ഇത്, യഹോവയുടെ അരുളപ്പാടായിട്ടും, വീണ്ടും 'നിശ്ചയമായിട്ടും' എന്ന പദപ്രയോഗം വന്നത് സംഭവിപ്പാനുള്ളതിനെ ഉറപ്പിച്ച് പറയുന്നതിനാലാണ്.എപ്പോഴാണ് ആ ഭൂകമ്പം നടക്കുന്നത് എന്ന് യെഹ:(38:18)ൽ കാണുന്നു. ഗോഗ് യിസ്രായേൽ ദേശത്തിന് വിരോധമായി വരുന്ന അന്നാളിലാണ് അത് സംഭവിക്കുന്നത്. യിസ്രായേലിനെതിരായി ഒന്നിക്കുന്നവരുടെ നേതാവാണ് ഗോഗ്. (മിസ്രേമിൽ ഫറവോൻ എന്ന സ്ഥാനപ്പേരുപോലെയാണ്,ഗോഗ്) യഹോവയുടെ നിർദ്ദേശം അനുസരിച്ച് പ്രവാചകൻ പ്രവചിക്കുന്നു.

Read യെഹ:(38:1-8)

ചിതറിപ്പാർക്കുന്ന യിസ്രായേൽ ജനത്തെ അവർ ചെന്ന് ചേർന്നിരിക്കുന്നിടത്തുനിന്നും സ്വദേശത്തേക്ക് യഹോവ കൂട്ടിവരുത്തിക്കഴിയുമ്പോൾ (യെഹ 37:20-28) ശത്രു അവർക്കെതിരായി ദുരുപായം നിരൂപിക്കുന്നു.

(യെഹ 38:11).എന്നാൽ യഹോവയുടെ നിവാസം അവരോട് കൂടെ (യിസ്രായേൽ ജനത്തോടൊപ്പം)ഉള്ളതിനാൽ അവർ സുരക്ഷിതരാണ്. ഇത് ഗോഗും കൂട്ടരും മനസ്സിലാക്കുന്നില്ല.

(ദൈവത്തിന്റെ അനുവാദമില്ലാതെ ശത്രുവിന് ദൈവമക്കളെ തൊടുവാൻ കഴിയുകയില്ല.അത് അറിയാവുന്ന നാം അവനേയും അവന്റെ

തന്ത്രങ്ങളേയും ഭയപ്പെടാതെ, യഹോവയ്ക്ക് സ്തോത്രവും സ്തുതിയും അർപ്പിക്കുകയാണ് ചെയ്യേണ്ടത്. )

**<u>വഴിതെറ്റിച്ച്,താടിഎല്ലിൽ ചൂണ്ടൽ കൊളുത്തി കൊണ്ടുവരുന്ന രാജ്യങ്ങളും ഇപ്പോഴത്തെ അവയുടെ പേരുകളും.</u>**

1. ഗോഗ് - റഷ്യ,

2. മേശക് (യാഫോത്തിന്റെ മകൻ മേശക് കുടിയേറിപ്പാർത്ത സ്ഥലം)- മോസ്ക്കോ.(ഭൂപടത്തിൽ യിസ്രായേലിൽ നിന്ന് വടക്കോട്ടു വരയ്ക്കുന്ന നേർരേഖ മോസ്ക്കോയിലൂടെ കടക്കും. ഇത് റഷ്യയുടെ തലസ്ഥാന നഗരിയാണ്. (യെഹ 38:15) മായി ഈ പ്രസ്താവന യോജിക്കുന്നു.

3. തൂബൽ (യാഫേത്തിന്റെ മറ്റൊരു മകൻ പാർത്ത സ്ഥലം) -സൈബീരിയ (കിഴക്കൻ റഷ്യ) ആയി.

4. മാഗോഗ് -മറ്റൊരു മകൻ പാർത്തയിടം.

**<u>കൂടെയുള്ള സഖ്യകക്ഷികൾ</u>**

പാർസികൾ - പേർഷ്യാക്കാർ

കുശ്യർ - എത്യോപ്യർ (ഇത് കമ്മ്യൂണിസ്റ്റ് രാജ്യമാണ്)

പുത്യർ - ലിബിയാക്കാർ (ഇവർ ഇപ്പോൾ റഷ്യൻ ചേരിയിലാണ്)

ഇവരെയെല്ലാം സ്വന്തദേശങ്ങളിൽ നിന്ന് യിസ്രായേലിൽ എത്തിക്കുന്നത് ദൈവമാണ്. യഹോവ കൂട്ടി വരുത്തിയെങ്കിൽ അതിന് ഒരു ഉദ്ദേശവുമുണ്ട്. ശത്രുവിനെ കൂട്ടിവരുത്തി 1/6 നശിപ്പിക്കും എന്ന് യഹോവ അരുളിചെയ്യുന്നു. അത് ആറു ബാധകളാലാണെന്ന് യെഹ:38:22 ൽ കാണുന്നു.

ഒന്നിച്ചുകൂട്ടി നശിപ്പിക്കുവാനിട്ട ചൂണ്ടലുകൾ ഏവ?

1. സമുദ്രത്തിലൂടെ ഒരു പ്രവേശനകവാടം ആഗ്രഹിക്കുന്ന റഷ്യ, അതിനായി കണ്ടെത്തുന്നത് യിസ്രായേലിനെആണ്.

2. റഷ്യയ്ക്ക് എണ്ണ ആവശ്യമാണ്. അറേബ്യൻ രാജ്യങ്ങളിലുള്ള എണ്ണ റഷ്യയിലെത്തിക്കുക പ്രയാസമാണ്. യിസ്രായേലിലൂടെ മെഡിറ്ററേനിയൻ തുറമുഖത്ത് എത്തുകയാണ് എളുപ്പം. അപ്രകാരം റഷ്യയെ ദൈവം അവിടെ എത്തിയ്ക്കും.

3. യിസ്രായേൽ ജനതയെ ദൈവം കൂട്ടിവരുത്തിയ ദേശം ഭൂപ്രകൃതിയാൽ സംപുഷ്ടമാണ്. ഇവിടെ മറ്റു പ്രദേശങ്ങളെക്കാൾ ഓക്സിജൻ 6% കൂടുതൽ ഉണ്ട്.

4. ലോകസമ്പത്തിന്റെ സിംഹഭാഗവും അടങ്ങിയതാണ് ചാവുകടൽ.അത് ഇവിടെ ആയതിനാൽ, ധനമോഹികളായ ശത്രുക്കൾ യിസ്രായേലിലെത്തും എന്ന് യഹോവ കണ്ടു.

5. ധനവാന്മാരായ യഹൂദർ ഒന്നിച്ചാൽ ലോകരാഷ്ട്രങ്ങൾക്ക് അവർ ഭീഷണി ആകും. യഹോവ യഹൂദനെ ബുദ്ധികൊണ്ടും, സമ്പത്തു കൊണ്ടും അനുഗ്രഹിച്ചിരിക്കുന്നു.

ഹൃദയത്തിലെ ഉപായചിന്തകൾ മൂലം മഴക്കോൾ പോലെ ഇവർ അവിടെ എത്തുകയും, യുദ്ധസന്നാഹങ്ങൾ ക്രമീകരിക്കുകയും ചെയ്യും. ഒന്നിച്ചുകൂടി യിസ്രായേലിനെ നശിപ്പിക്കുവാൻ ആജ്ഞയ്ക്കായി കാത്തിരിക്കുന്ന ആ നിമിഷം -അന്നാളിൽ നിശ്ചയമായും യഹോവ അയയ്ക്കുന്ന ഭൂകമ്പം ഉണ്ടാകും.

യഹോവയാണ് തന്റെ മക്കൾക്കുവേണ്ടി ശത്രുവിനോട് യുദ്ധം ചെയ്തത്. റഷ്യയിലും മറ്റ് ചില രാജ്യങ്ങളിലും സുവിശേഷവിരോധികളുടെ നടുവിൽ രഹസ്യമായി ദൈവത്തെ വിളിക്കുന്നവരെയും മാറ്റിയശേഷമേ ഭൂകമ്പം ഉണ്ടാകൂ എന്ന് ചിന്തിക്കുന്നവരുമുണ്ട്. അതായത് സഭ എടുക്കപ്പെട്ട ശേഷം അത് സംഭവിക്കും. തെറ്റി ഒഴിയുവാൻ ആർക്കും കഴിയുകയില്ല. നാം എടുക്കപ്പെടുന്നവരുടെ കൂട്ടത്തിലോ? അതോ ശേഷിപ്പിന്റെ കൂട്ടത്തിലോ ?

ഭൂകമ്പത്തിന്റെ അനന്തരഫലം അറിയേണ്ടവർ -(യെഹ :39 വായിക്കുക.

## 2. <u>The Earthquake after the opening of the sixth Seal</u>

ഭാവിയിൽ പീഢനകാലത്ത് നടക്കുവാൻ പോകുന്ന ഭൂകമ്പങ്ങളിൽ ഒന്നാണ് വെളിപാട്- (6:12-17) വരെയുള്ള ഭാഗത്ത് കാണുന്നത്. പിന്നാലെ സംഭവിപ്പാൻ പോകുന്ന വലിയ ഒരു ഭൂകമ്പത്തിന്റെ മുന്നോടിയാണ് ഇത്. പാലസ്റ്റീനെ കേന്ദ്രമാക്കിയുള്ള പീഢനങ്ങൾ ആയാലും അതിന്റെ ബാധ ആഗോളവ്യാപകമായിരിക്കും.

ആറാം മുദ്ര പൊട്ടിച്ചപ്പോഴുണ്ടായ ഭൂകമ്പം പ്രകൃതിയിൽ വലിയമാറ്റങ്ങൾ വരുത്തി.

1. വലിയ ഭൂമികുലുക്കം മൂലം സൂര്യൻ കരിമ്പടം പോലെ കറുത്തു.

2.ചന്ദ്രൻ രക്ത തുല്യമായി.

3. പെരുങ്കാറ്റു കൊണ്ട് കുലുങ്ങീട്ട് കായ് ഉതിർക്കും പോലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു.
4. പുസ്തകചുരുൾ ചുരുട്ടും പോലെ ആകാശം മാറ്റപ്പെട്ടു. അതായത് ഭൂമിയോടു ചേർന്നു കിടക്കുന്ന ആകാശത്തട്ടുകൾക്ക് മാറ്റം സംഭവിക്കുന്നു.
5. മലകളും,ദ്വീപുകളും സ്വസ്ഥാനത്തുനിന്ന് ചലിക്കുന്നു.
(സമാനവർണ്ണനകളുള്ള മറ്റ് ഉദാഹരണങ്ങൾ -യെശ:(13:9-11), യോവേ:(2:31), മത്താ 24:29)

യോശുവയുടെ കാലത്ത് "24 മണിക്കൂർ" ഭൂമിയും സൂര്യനും, ചന്ദ്രനും ചലനം നിർത്തിയെങ്കിൽ (യോശു:10:12-14), ഹിസ്ക്കിയാവിന്റെ കാലത്ത് നിഴൽ പത്തുപടി പിന്നോക്കം മാറിയെങ്കിൽ (2 രാജ:20:10,11), എന്തുകൊണ്ടും മുകളിൽ പറഞ്ഞവ സംഭവിക്കുവാൻ ആക്ഷരികമായ സാദ്ധ്യതയുണ്ട്. ഭൂകമ്പം മൂലം പൊട്ടിത്തകരുന്ന പാറയുടെ വിള്ളലുകളിലഭയം പ്രാപിക്കുന്നവർ സിംഹാസനസ്ഥനെ കാണാതെ തങ്ങളെ മറയ്ക്കുവാനാവശ്യപ്പെടുന്നു. ഔദ്യോഗിക സ്ഥാനങ്ങളിലുള്ളവരും അല്ലാത്തവരും സിംഹാസനസ്ഥനെ ഭയന്ന് മറവിടം ആഗ്രഹിക്കുന്നു, എന്നാൽ പിളർക്കപ്പെട്ട പാറയാം ക്രിസ്തുവിലഭയം തേടുവാൻ ഇപ്പോഴും ഇവർ ആഗ്രഹിക്കുന്നില്ല.

സഹോദരങ്ങളേ! ഇന്ന് ഇത് വായിക്കുമ്പോൾ, ആ പാറയിൽ അഭയം തേടുവാൻ നിങ്ങൾ തയ്യാറാകുമോ? അതിനുള്ള കൃപ ദൈവം നിങ്ങൾക്ക് തരുമാറാകട്ടെ.

## 3. <u>The Earthquake before the blowing of the 'Seventh Trumpet'</u>

ആദ്യ നാല് 'മുദ്രകൾ' പൊട്ടിക്കുന്നത് ഒരുമിച്ച് സംഭവിച്ചതുപോലെ നാല് 'കാഹളങ്ങളും' ഒന്നിനു പുറകെ ഒന്നായി ഊതി. അടുത്ത മൂന്ന് കാഹളങ്ങളും പ്രത്യേകം എടുത്ത് പറയേണ്ടവയാണ്.ആദ്യ നാല് കാഹളങ്ങൾ ഊതിക്കഴിയുമ്പോൾ ഭൂവാസികൾക്ക് ഇനി കഷ്ടം എന്ന് മൂന്നുപ്രാവശ്യം പറഞ്ഞത് കഷ്ടതയുടെ കാഠിന്യത്തെ കാണിക്കുവാനാണ്. ആദ്യ നാല് കാഹളങ്ങൾ മൂലമുണ്ടാകുന്ന ബാധകൾ മനുഷ്യന് സഹിക്കാവുന്ന

തിലും അപ്പുറമായിരുന്നു. തുടർന്നുള്ള മൂന്ന് കാഹളങ്ങൾ മൂലമുണ്ടാകുന്ന കഷ്ടങ്ങൾ അതികഠിനവുമായിരിക്കും.

ആ നാഴികയിൽ ഒരു ഭൂകമ്പം ഉണ്ടായി ഏത് നാഴികയിൽ ?

Read വെളി:(11:3-13)

(For further explanation visit Revelation Bible Study at Bible Study.co.in)

മറ്റ് സന്ദർഭങ്ങളിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങളിൽ നിന്ന് വ്യത്യസ്തമായിട്ടാണ് ഇതിനെ കാണുന്നത്.

1. നഗരം (യെറുശലേമിന്റെ) പത്തിലൊന്ന് ഇടിഞ്ഞ് തകരും.

2. കൂടാതെ ഏഴായിരം പേരുടെ ആക്ഷരിക മരണവും സംഭവിക്കും (വെളി 11:13)

ലോകജാതികൾ ദൈവത്തെ മഹത്വപ്പെടുത്തുകയില്ല.എന്നാൽ 'ഇവിടെ കയറിവരുവിൻ' എന്ന ശബ്ദവും , രണ്ട് സാക്ഷികളുടെ ഉയർപ്പും, അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്ക് കയറുന്നതും കണ്ട ശേഷിച്ച ദൈവമക്കൾ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും.

## 4. The Earthquake after the pouring out of the "7th bowl of God's Wrath"

ഭൂമിയിൽ മനുഷ്യർ ഉണ്ടായകാലം മുതൽ ഏഴാം ക്രോധകലശം ആകാശത്തിൽ ഒഴിക്കുന്ന നാഴികവരെ, സംഭവിക്കാത്ത വിധം ഭയാനകമായിരുന്നു ഈ അവസാനത്തെ ഭൂകമ്പം(വെളി:16:17-22) 'സംഭവിച്ചു തീർന്നു' എന്നുള്ള ശബ്ദം സ്രഷ്ടാവാം ദൈവത്തിന്റെ വാക്കുകൾ ആകാം എന്ന് കരുതുന്നതിൽ തെറ്റില്ല.കാരണം ഈ ശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽ നിന്നാണ് വന്നത്. ഇതേ തുടർന്നാണ് ആ ഭൂകമ്പവും ഉണ്ടാകുന്നത്.

**സംഭവങ്ങൾ**

1. മിന്നലും, നാദവും, ഭയാനകവുമായ ഇടിമുഴക്കവും ഉണ്ടായി.

2. മഹാനഗരം മൂന്നംശമായി പിരിഞ്ഞു അഥവാ പിളർന്ന് പോകുന്നു. ഈ നഗരം ബാബിലോൺ ആണെന്ന് തുടർന്നുള്ള ഭാഗത്തു നിന്ന് വ്യക്തമാണ്.

(ബാബിലോൺ ഇന്ന് മഹാനഗരമല്ല. ഈ പുരാതന പട്ടണം പണിയുവാൻ ഇറാൻ പദ്ധതികൾ അണിയറയിൽ ആരംഭിച്ചു എന്ന കേൾവി തുടങ്ങിയിട്ട് ചില വർഷങ്ങളായി. വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള അണിയറ ഒരുക്കങ്ങളാണ് നടക്കുന്നത് എന്നാണ് രാജ്യതന്ത്രജ്ഞന്മാരുടെ അഭിപ്രായം. അപ്രകാരം പണിയുന്ന ബാബിലോൺ പട്ടണമാകാം ആ മഹാനഗരം)

3. ദൈവക്രോധം വീണപ്പോൾ സകലദ്വീപും ഓടിപ്പോയി കൂടാതെ മലകൾ കാണ്മാനില്ലാതായി. ഈ ഭൂകമ്പം ആഗോള വ്യാപകമായതിനാൽ എല്ലായിടത്തും കാര്യമായി ബാധിക്കും.

4. ആകാശത്തുനിന്ന് മനുഷ്യരുടെ മേൽ കന്മഴ പെയ്തു. ഈ കന്മഴയുടെ പ്രത്യേകത, വീഴുന്ന കല്ല് ഒരു താലന്തോളം ഘനമുള്ളതാണ്.അതായത് 'മുപ്പതു കിലോഗ്രാം' ഭാരമുള്ള കല്ലുകളാണ് മഴപോലെ പെയ്തു വീണത്. വചനം സത്യമാകയാൽ സംശയിക്കേണ്ട കാര്യവുമില്ല. ഈ ബാധ കഠിനമാകയാൽ മനുഷ്യർ ദൈവത്തെപഴിച്ചു എന്ന് വെളി:(16:21) ൽ കാണുന്നു. ഇവർ ദുഷ്ടൻമാർ അഥവാ മാനസാന്തരപ്പെടുവാൻ ആഗ്രഹമില്ലാത്തവരാകയാൽ ആണ് ദൈവത്തെ ദുഷിക്കുന്നത്.

പ്രീയമുള്ളവരേ ! ഇന്ന് കർത്താവു വന്നാൽ എടുക്കപ്പെടുന്നവരുടെ കൂട്ടത്തിൽ നിങ്ങൾ ഇല്ലെങ്കിൽ ഈ മഹാകഷ്ടങ്ങളിൽ കൂടി കടന്നുപോകേണ്ടതായി വരും. ദയവായി സമയം നീട്ടിവയ്ക്കാതെ അവന്റെ കല്പന അനുസരിക്കുക, രക്ഷപ്രാപിക്കുക. അതിനായി ദൈവം സഹായിക്കട്ടെ.

Thank You Jesus for helping us to study this subject

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudying